**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1695** **13-02-2025 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ പലിശ ഇനത്തിൽ ആവശ്യപ്പെട്ട തുക സംബന്ധിച്ച് സ്പഷ്ടീകരണം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയത്തിന്റെ ഫയൽ ഒരു നടപടിയും സ്വീകരിക്കാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കുന്നതിന്റെ കാരണം അറിയിക്കാമോ; | (എ) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ പലിശ ഇനത്തിൽ കൂടുതൽ തുക വരുന്നത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. പാലാ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസീൽദാറിൽ നിന്നും സ്ഥാപനമേധാവിയിൽ നിന്നും റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു. സ്ഥാപനമേധാവിയിൽ നിന്നും റിപ്പോർട്ട് 15.01.2025 ലെ കത്ത് പ്രകാരമാണ് ലഭ്യമായിട്ടുള്ളത്. തഹസീൽദാരുടേയും സ്ഥാപനമേധാവിയുടെയും വിശദീകരണം ക്രോഡീകരിച്ച് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. |
| (ബി) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 25.09.2024-ലെ ജെ2/62/2023 നമ്പർ കത്തിന്മേൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പലിശയിനത്തിൽ ഭീമമായ തുക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാലാ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസീൽസാറിൽ നിന്നും സ്ഥാപനമേധാവിയിൽ നിന്നും ലഭ്യമായ വിശദീകരണം ക്രോഡീകരിച്ചു സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി (കളക്ടർ) റവന്യൂ വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണമെന്താണെന്നറിയിക്കുമോ ; കാലതാമസം | (സി) | പലിശയിനത്തിൽ ഭീമമായ തുക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാലാ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസീൽസാറിൽ നിന്നും സ്ഥാപനമേധാവിയിൽ |

| | | | |
|---|---|---|---|
| | ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | | നിന്നും ലഭ്യമായ വിശദീകരണം ക്രോഡീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ? | (ഡി) | 24.06.2017 ലെ ജി.ഒ.(ആർ.ടി) നം. 1210/2017/ ഉ.വി.വ. പ്രകാരം കോട്ടയം ജില്ലയിലെ കടപ്ലാമറ്റം വില്ലേജിലെ ശ്രീ ബാബു, ശ്രീമതി. ഷൈനി ബാബു എന്നിവരുടെ ഉടമസ്ഥതയിലുള്ള 338/1, 338/1-1, 338/1/2 സർവ്വേ നമ്പരുകളിലുള്ള 2.55 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് 18.11.2017 ലെ സ.ഉ (സാധാ) നം. 4923/2017/റവ പ്രകാരം റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി 2.55 ഏക്കർ വസ്തു ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരി റിക്വസിഷൻ നൽകിയിട്ടുണ്ട്. RFCT LARR Act 2013 പ്രകാരം ടി പദ്ധതി ഏറ്റെടുക്കുന്നതിന് 09.07.2019 തീയതിയിലെ G.O(Rt) No. 1847/19/RD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി വസ്തുവിന് ആർ ഒന്നിന് 1,17,501/- രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 104.05 ആർ ഭൂമിയുടെ സ്ഥല വില മാത്രം 1,22,25,979/- രൂപ വില വരികയും, RFCT LARR Act പ്രകാരം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ, 100% സൊലേഷ്യം, നിർമ്മിതികളുടെയും, വൃക്ഷങ്ങളുടെയും വില, 12% അഡീഷണൽ ലാൻഡ് വാല്യൂ എന്നിവയും, 31.03.2024 വരെയുള്ള പലിശയും കൂടി കണക്കാക്കി ആകെ 3,64,98,740/- രൂപ ആവശ്യമാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. പലിശയിനത്തിൽ ഭീമമായ തുക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ സർക്കാർ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പാലാ എൽ.എ (ജനറൽ) സ്പെഷ്യൽ തഹസീൽസാറിൽ നിന്നും സ്ഥാപനമേധാവിയിൽ നിന്നും ലഭ്യമായ വിശദീകരണം ക്രോഡീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ